# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3494 — 09.04.2013 ലെ മറുപടിയ്ക്ക്

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>,, എസ്. രാജേന്ദ്രൻ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, കെ. ദാസൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്(സി. ആർ.ഐ.പി) പ്രകാരമുള്ള തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ആയതിൽ എത്ര മാത്രം പണികൾ പൂർത്തിയാക്കിയിട്ടുണ്ട്എന്നറിയിക്കാമോ; | (എ) ഉണ്ട്. തകരപ്പറമ്പ് ഫ്ളൈ ഓവർ, പേട്ട റയിൽവേ മേൽപ്പാലം, വഞ്ചിയൂർ തോടിന് മുകളിലൂടെയുള്ള റോഡ്, പാറ്റൂർ സെമിത്തേരിയിൽ നിന്നും വിട്ട് കിട്ടേണ്ടതായ സ്ഥലത്തെ റോഡ്, കിഴക്കേ കോട്ട അട്ടക്കുളങ്ങര ഭാഗത്തെ റോഡ്, എന്നിവയൊഴികെ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾമിക്കവാറുംപൂർത്തിയായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ വേറെ ഏതെങ്കിലും നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരുന്നു. താമസിയാതെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൊച്ചി നഗര റോഡ് വികസന പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽക്കൂടി നഗര റോഡ് വികസന പദ്ധതികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ട ചുമതലആർക്കായിരിക്കുമെന്നറിയിക്കുമോ; | (സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിലായിരിക്കും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| (ഡി) | തലസ്ഥാന നഗരിയിലെ പണികളിൽ ഉണ്ടായിട്ടുള്ള മാന്ദ്യത പുതിയ പ്രദേശങ്ങളിൽ ഉണ്ടാകാതിരിക്കാൻ മുൻകരുതൽ സ്വീകരിക്കുമോ? | (ഡി) | മുൻകരുതൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ